LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ഹോട്ടലുടമകൾ കോവളം ബീച്ചിൽ നടത്തിയ കയ്യേറ്റങ്ങൾ

93 [2710] ശ്രീ. സാജു പോൾ:

ഡോ. തോമസ് ഐസക്:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഹോട്ടലുടമകൾ കോവളം കടൽത്തീരവും പുറംപോക്ക് ഭൂമിയും കായൽ പ്രദേശങ്ങളും എത്രമാത്രം അനധികൃതമായി കൈവശപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ടൂറിസ്റ്റ് കേന്ദ്രത്തിലെ പൊതു സ്വത്ത് കൈവശപ്പെടുത്തിയവർക്കെതിരെ ടൂറിസം വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ടൂറിസം വകുപ്പിന് ഇതു സംബന്ധിച്ച് പരാതികളോ റിപ്പോർട്ടോ ലഭിച്ചിട്ടില്ല.

കോവളത്തെ വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള സ്ഥലം കയ്യേറിയതിനെതിരെ നടപടി

94 [2711] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളത്ത് വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ എത്ര സ്ഥലമാണ് ഉണ്ടായിരുന്നത്;

(ബി) ഇതിൽ ഔദ്യോഗികമായി എത്ര സ്ഥലം കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥലം ആരെങ്കിലും അനധികൃതമായി കയ്യേറിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര സ്ഥലമാണെന്നും ആരെല്ലാമാണ് കൈയ്യേറിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) വിനോദസഞ്ചാര വകുപ്പിന്റെ സ്ഥലത്ത് അനധികൃത കയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 25.7840 ഹെക്ടർ ഭൂമി ഉണ്ടായിരുന്നു.

(ബി) ഇതിൽ 16 ഹെക്ടർ 47 ആർ 95 ച. മീ. സ്ഥലം കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

(സി, ഡി & ഇ) സ്വകാര്യവ്യക്തിക്ക് കൈമാറിയ കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

കണ്ണൂർ ജില്ലയില ടൂറിസം സാദ്ധ്യതകളെക്കുറിച്ചുള്ള പഠനം

95 [2712] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ച സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ടൂറിസം മേഖലയുടെ സാധ്യതകളെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് നടത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) നാടിന്റെ പ്രകൃതിഭംഗി, സാംസ്കാരിക പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയടക്കമുള്ള കാര്യങ്ങളിലേക്ക് സഞ്ചാരികളുടെ ശ്രദ്ധയെ ആകർഷിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുഴപ്പിലങ്ങാട്, മീൻകുന്ന്, പയ്യാമ്പലം എന്നീ സ്ഥലങ്ങളാണ് കണ്ണൂർ ജില്ലയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) സമഗ്രമായ പഠനം നടത്തിയിട്ടില്ല.

(സി) കണ്ണൂർ ജില്ലയുടെ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് താഴെ പറയുന്ന ടൂറിസം പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. അറയ്ക്കൽ കെട്ടിന്റെ സംരക്ഷണം.
2. മീൻകുന്ന് ബീച്ചിന്റെ സൗന്ദര്യവൽക്കരണം.
3. പഴയങ്ങാടി ബസ് ടെർമിനൽ, പേ ആന്റ് യൂസ് ടോയ്ലെറ്റ്, വിശ്രമ സൗകര്യങ്ങൾ.
4. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിനോടടുത്ത് പിൽഗ്രിം അമിനിറ്റി സെന്ററിന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly